# SUPPLY OF LABOURERS

**IN**

**CONNECTION WITH**

# KERALEEYAM 2023: FLOWER SHOW

**File No: KSCSTE/1028/2023-C6**

**EXPRESSION OF INTEREST (EOI)**


## Kerala State Council for Science, Technology and Environment (KSCSTE)

**Sasthra Bhavan, Pattom, Thiruvananthapuram, Kerala 695004**

**Ph: + 91-471-2548200; Email: keraleeyamflowershow@gmail.com**

**Website: https://kscste.kerala.gov.in/**

# താല്പര്യപത്രം

Dated 11-10-2023

File no: KSCSTE/1028/2023-C6

കേരളീയം 2023 സസ്യ പുഷ്പ ഫല പ്രദർശനത്തിൻറെ ആവശ്യത്തിലേക്കായി വിവിധ വേദികളിലേക്ക് ആവശ്യാനുസരണം കരാർതൊഴിലാളികളെ ഒക്ടോബർ 29 മുതൽ നവംബർ 8 വരെ നൽകുന്നതിന് താല്പര്യ പത്രം ക്ഷണിക്കുന്നു.

താല്പര്യ പത്രത്തിൽ ചേർത്തിരിക്കുന്ന മാതൃകയിൽ പൂരിപ്പിച്ച അപേക്ഷകൾ/ക്വട്ടെഷനുകൾ ഒക്ടോബർ 20ന്, 3 മണിക്ക് മുൻപായി **The Member Secretary, Kerala State Council for Science, Technology and Environment (KSCSTE), Sasthrabhavan, Pattom, Thiruvananthapuram, 695 004** എന്ന വിലാസത്തിൽ മുദ്ര വെച്ച കവറിൽ സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷനുകൾ ഒക്ടോബർ 20ന് വൈകുന്നേരം **4** മണിക്ക് തുറക്കുന്നതാണ്.

ക്വട്ടേഷനുകൾ സ്വീകരിക്കുന്നത് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായിരിക്കും.

**വ്യവസ്ഥകൾ**

1. ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ക്വട്ടേഷനുകൾ സ്വീകരിക്കുന്നതും മറ്റ് വ്യവസ്ഥകൾ പാലിക്കുന്ന പക്ഷം സപ്ലൈ ഓർഡർ നൽകുന്നതുമാണ്.
2. ക്വട്ടേഷനുകൾ സ്വീകരിക്കാനും നിരസിക്കാനുമുള്ള അധികാരം കൺവീനറിൽ നിക്ഷിപ്തമായിരിക്കും.
3. ക്വട്ടേഷനുകൾ സ്വീകരിക്കുകയാണെങ്കിൽ ഓർഡർ നൽകുകയോ നൽകാതിരിക്കുന്നതോ കൺവീനറുടെ വിവേചനാധികാരത്തിൽ പെടുന്നതായിരിക്കും.
4. ക്വട്ടേഷൻ സ്വീകരിക്കുകയും കരാർ ഉറപ്പിക്കുകയും ചെയ്യുകയാണെങ്കിൽ കരാറുകാരൻ ഓഫീസുമായി ബന്ധപ്പെട്ട് ഇതു സംബന്ധിച്ച വ്യവസ്ഥകൾ രേഖപ്പെടുത്തി കരാറിൽ ഒപ്പ് വയ്ക്കേണ്ടതാണ്.
5. ആരോഗ്യമുള്ള പുരുഷന്മാരായ തൊഴിലാളികളെ മാത്രമേ ഇതിനായി നിയമിക്കാൻ പാടുള്ളൂ.
6. ഒരു ഡ്യൂട്ടി എന്നത് എല്ലാ ദിവസവും രാത്രി /പകൽ **8** മണിക്കൂർ ദൈർഘ്യം ഉള്ളതായിരിക്കും. അധികസമയത്തിന് **Prorate Basis** ൽ വേതനം നൽകുന്നതായിരിക്കും.
7. കരാർ തുകയ്ക്ക് പുറമേ മറ്റ് ഏതെങ്കിലും അലവൻസുകൾക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.
8. കരാറുകാരന് ഇത്തരം സേവനങ്ങൾ നൽകുന്നതിന് ആവശ്യമായ ലൈസൻസ് ഉണ്ടായിരിക്കേണ്ടതാണ്. അവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ക്വട്ടേഷനോടൊപ്പം അടക്കം ചെയ്തിരിക്കണം.
9. കരാർ തൊഴിലാളികളെ, കമ്മിറ്റി ആവശ്യപ്പെടുന്ന പക്ഷം കരാറുകാരൻ **കനകക്കുന്ന് കൊട്ടാര പരിസരത്തു ലഭ്യമാക്കേണ്ടതാണ്.**
10. മേൽ പറഞ്ഞിട്ടുള്ള നിബന്ധനകൾ പാലിക്കുന്നില്ല എന്ന് ബോധ്യപ്പെടുന്ന പക്ഷം ക്വട്ടേഷനുകൾ ഏതു സന്ദർഭത്തിലും തള്ളിക്കളയുന്നതിന് കൺവീനർക്ക് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതാണ്.
11. ദർഘാസിൽ പങ്കെടുക്കാൻ താല്പര്യമുള്ള സ്ഥാപനങ്ങൾ /വ്യക്തിക്ക് നിയമാനുസൃതമായ രജിസ്ട്രേഷൻ വേണ്ടതാണ് **(PAN,GST, Bank Ac. Etc).**

ഒപ്പ്

**കൺവീനർ**
ഫ്ലവർ ഷോ
കേരളീയം 2023

**ക്വട്ടേഷൻ ഫോം**

**കൺവീനർ,**
**ഫ്ളവർ ഷോ കമ്മിറ്റി, കേരളീയം 23**
**(മെമ്പർ സെക്രട്ടറി,**
**ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ**
**തിരുവനന്തപുരം)**

സർ,

വിഷയം : പുഷ്പ ഫല സസ്യ പ്രദർശനത്തിന് ആവശ്യമായ തൊഴിലാളികളെ സപ്ലൈ ചെയ്യുന്നത് സംബന്ധിച്ച്

സൂചന :

| **ക്രമ നമ്പർ** | **സ്ഥലം** | **ഡ്യൂട്ടി സമയം** (പ്രതിദിനം) | **നിരക്ക് (ജി. എസ്. ടി. ഉൾപ്പെടാതെ)** |
|---|---|---|---|
| **1** | **കനകക്കുന്ന് കൊട്ടാരം** | **8 മണിക്കൂർ** | |

ക്വട്ടേഷൻ നോട്ടീസിലെ വ്യവസ്ഥകളും സൂചനകളും ബോധ്യപ്പെട്ടിരിക്കുന്നതായും മേൽ കാണിച്ചിരിക്കുന്ന വിവരങ്ങൾ യഥാർത്ഥവും, കോട്ട് ചെയ്തിരിക്കുന്ന തുക, 2023 ഒക്ടോബർ മാസം ഒന്നാം തീയതി മുതൽ രണ്ടു മാസം നിലവിൽ ഉണ്ടായിരിക്കുന്നതും ആണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

**സ്ഥാപനത്തിൻറെ ഉടമ/ പ്രതിനിധിയുടെ പേര്**